കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് - SGRY ഭക്ഷ്യധാന്യ വിതരണം - ഡീലർ കമ്മീഷൻ തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ).685/15/തസ്വഭവ തിരുവനന്തപുരം, തീയതി, 10.03.2015

=====================================================

പരാമർശം: 1. ഗ്രാമവികസന കമ്മീഷണറുടെ 23.12.2014 ലെ 24283/ജെആർവൈ.2/2014/സിആർഡി നമ്പർ കത്ത്.

2. 30.11.2001 ലെ സ.ഉ.(സാധാ)297/2001/തസ്വഭവ നമ്പർ ഉത്തരവ്

**ഉത്തരവ്**

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ SGRY പദ്ധതി പ്രകാരം 2002 മുതൽ 2007 വരെ ഭക്ഷ്യധാന്യം ഏറ്റെടുത്ത് വിതരണം ചെയ്ത വകയിലുള്ള ഡീലർ കമ്മീഷൻ തുക ശ്രീ.പി.എം.നാസറിന് നൽകുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹുമാനപ്പെട്ട ഓംബുഡ്സ്മാൻ ഉത്തരവായിട്ടുള്ളതും ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി DPC അംഗീകാരം വാങ്ങി തുക നൽകുവാൻ ഭരണസമിതി തീരുമാനം എടുത്തിട്ടുള്ളതും ആണെന്നും ആയതിന് DPC അംഗീകാരം നൽകിയിട്ടുണ്ടെന്നും കൂടാതെ SGRY ഭക്ഷ്യധാന്യത്തിന്റെ കയറ്റിറക്ക് കൂലി, മറ്റ് അനുബന്ധ ചെലവുകൾ എന്നിവ ഉൾപ്പെടെയുള്ള റേഷൻവ്യാപാരികൾക്കുള്ള മാർജിൻ പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകൾ വഹിക്കണമെന്ന് പരാമർശം(2)പ്രകാരം സർക്കാർ ഉത്തരവ് നൽകിയിട്ടുള്ളതാണെന്നും ആയതിനാൽ ടി തുക നൽകുന്നതിന് കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് അനുവാദം നൽകുന്നതാണെന്നും പരാമർശം(1)പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാരും ഇക്കാര്യം വിശദമായി പരിശോധിച്ചു. കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിൽ SGRY പദ്ധതി പ്രകാരം 2002 മുതൽ 2007 വരെ ഭക്ഷ്യധാന്യം ഏറ്റെടുത്ത് വിതരണം ചെയ്ത വകയിലുള്ള ഡീലർ കമ്മീഷൻ തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
രാമൻകുട്ടി സി.
ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. സെക്രട്ടറി/പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, കടുത്തുരുത്തി
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ